## St. Mary's Syriac Church of Canada Mississauga

## സുറിയാനി ക്രിസ്ത്യാനികളുടെ സ്വർഗ്ഗാരോഹണപെരുന്നാൾ ശുശ്രൂഷാ പുസ്തകം

### സ്ലീബാ ആഘോഷം

(കരബ്ലാന സമയത്ത് ബസ്മൽക്കൊയുടെ ശേഷം മദ്ബായിൽ നിന്ന് കുരിശെടുത്തു കൊണ്ട് എല്ലാവരും കൂടി പള്ളിക്കുചുറ്റും ആഘോഷപൂർവ്വം സ്ലീബായുടെ എക്ബോകളൊ കോലോകളൊ ചൊല്ലിക്കൊണ്ട് ഒരു പ്രദിക്ഷണം നടത്തിയശേഷം മദ്ബഹായിലോ ബിമായിലൊ നിന്നുകൊണ്ട് സ്ലീബാ ആഘോഷം നടത്തുന്നു)

(പട്ടക്കാരൻ കിഴക്കോട്ട് തിരിഞ്ഞുകൊണ്ട് പ്രാത്ഥന)

പുരോ - ശുബ്ഹൊ.........
ജനം:- ബലഹീനരും........

തന്റെ വധത്താൽ മേലുള്ളവക്ക് ശാന്തി നൽകിയസമാധാനവും തന്റെ ബലി സമർപ്പുണത്താൽ താഴെയുള്ളവരെ രമ്യമാക്കിയ നിരപ്പും തന്റെ സ്ലീബായാൽ വിജാതിയരെ രക്ഷിച്ച രക്ഷിതാവും തന്റെ പുനരുഥാനത്താൽ ഭിന്നിച്ചിരുന്നവരെ സംയോജിപ്പിച്ച സ്നേഹവുമായ കത്താവേ! കത്താവിന്റെ സ്വർഗ്ഗാരോഹണ ദിവസത്തിൽ ഭൂതലത്തിലെ കലഹത്തെ ശമിപ്പിക്കണമെ. എല്ലാവിധ ഉപദ്രവങ്ങളളിൽ നിന്നും കത്താവിന്റെ സ്ലീബായാൽ ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങൾ കത്താവിനേയും പിതാവിനേയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തോത്രം ചെയ്യുമാറാകണമേ. ഹോശോ....

(മസ്അക്കോനുസൊ)

നാഥാ! കരുണാ!-സമ്പന്നാ! നിന്നുടെ പുനരുത്ഥാനമതും
നിന്നുടെ സ്വർഗ്ഗാരോഹണവും കൊണ്ടാടും പെരുന്നാളുകളിൽ

നിൻമാനത്തിനു യോഗ്യമതാം വചനങ്ങളെ ഞാൻ പാടീടും
നിൻസ്ലീബായാൽ രക്ഷിതരാം പുറജാതികളിപ്പെരുന്നാളിൽ
സ്തകൂതിയാൽ കീത്തിക്കും നിന്നെ ഞങ്ങളുമത്ഥിച്ചോതുന്നു.
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട്

ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! കത്താവിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ സന്തോഷിച്ച് ആഹ്ളാദിക്കുകയും കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിൽ ഞങ്ങൾ ആനന്ദിക്കുകയും ചെയ്യുന്നു. കർത്താവിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ വാഴുമാറാകണമേ. കർത്താവിന്റെ സ്നേഹവും പ്രീതിയും ഞങ്ങളിൽ വസിപ്പിക്കേണമേ. കർത്താവിന്റെ സ്ലീബായെ വന്ദിക്കുവാനും കത്താവിന്റെ പുനരുത്ഥാനത്തെ ഏറ്റു പറയുവാനും കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിൽ ആനന്ദിക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമെ. ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും കർത്താവിന്റെ രാജ്യത്തിൽ ആനന്ദിപ്പിക്കേണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! കർത്താവിന്റെ കർതൃത്വത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുമാറാകണമേ. മോറോൻ...

ഉത്ഥാനത്തിൻ പരമാത്ഥം ബോധപ്പെട്ടെല്ലാവക്കും
എങ്കിലുമതിലാമുഢ്ജനം ഹന്തനിഷേധമുയത്തുന്നു.

യൂദജനത്താൽക്രൂശിതനോ മഹിമയൊടാക്കബറീന്നേറി
അതിലാഘോഷത്തോടിന്നാൾ സ്വഗാരോഹം ചെയ്യുന്നു.
പ്രാത്ഥനയോടധുനാ ഞങ്ങൾ അത്ഥിച്ചീവിധമോ-തുന്നു.
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

## വടക്കോട്ട് തിരിഞ്ഞുകൊണ്ട്

ദൈവമായ കർത്താവേ! കർത്താവിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ മറയ്ക്കുപ്പെടുവാനും കർത്താവിന്റെ പുനരുത്ഥാനത്തിൽ സദൃശ്യരായിത്തീരുവാനും കർത്താവിന്റെ ഉയപ്പിലും സ്വർഗ്ഗാരോഹണത്തിലും വിശ്വസിക്കുവാനും കർത്താവിന്റെ ഏവൻഗേലിയോനിലെ കല്പനകളെ ആചരിക്കുവാനും കർത്താവിന്റെ ഇഷ്ടം പ്രവത്തിക്കുവാനും കർത്താവിന്റെ ന്യായപ്രമാണം അനുഷ്ടിക്കുവാനും കർത്താവിന്റെ സ്സഹിച്ചവരായ നീതിമാന്മാരുടെ പുണ്യവാന്മാരുടെയും പ്രാത്ഥനകളിൽ അഭയം പ്രാപിച്ച് സഹായം ലഭിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. അവരുടെ അപേക്ഷകൾ മൂലം ഞങ്ങൾക്കും ഞങ്ങളുടെ പരേതക്കും പാപപരിഹാരം നൽകണമേ. ഞങ്ങൾ കർത്താവിനേയും പിതാവിനേയും പരിശുദ്ധറൂഹായേയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തോത്രം ചെയ്യുമാറാകണമേ. ഹോശോ ...

## (മസ്അക്കോനുസൊ)

കത്താവേ! നിൻജനനതതിമേ- ലാ്രതകാണിച്ചീടണമേ
താവകമാമവകാശത്തിൽ ലേശമജാഗ്രത കാട്ടരുതേ.
നിൻസ്സ്ലീബായിൻ വൻകൊടിയാൽ ക്രൈസ്തവമകുടമുയത്തണമേ.
പ്രാത്ഥനയോടധുനാ ഞങ്ങൾ അത്ഥിച്ചീവിധമോതു-തുന്നു.
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

## തെക്കോട്ട് തിരിഞ്ഞുകൊണ്ട്

ദൈവമായ കർത്താവേ! കർത്താവിന്റെ ഈ സ്വർഗ്ഗാരോഹണദിവസത്തെ സ്വർഗ്ഗീയസൈന്യങ്ങളോടൊരുമിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആനന്ദപൂവ്വം കർത്താവിന്റെ പെരുന്നാളുകൾ കൊണ്ടാടി കർത്താവിൽ നിന്ന് നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുവാനും ഞങ്ങളെ അർഹരാക്കണമേ. കർത്താവിന്റെ വിശുദ്ധസ്തരീബായാലും വിശുദ്ധന്മാരിൽ വസിച്ചിരിക്കുന്ന കത്താവിന്റെ ശക്തിയാലും കോപത്തിന്റെ വടികളും സകല ശിക്ഷകളും ഞങ്ങളിൽ നിന്ന് നീക്കിക്കളയണമേ. ഞങ്ങൾ കർത്താവിന്നേയും പിതാവിനേയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിച്ച് സ്ത്തോത്രം ചെയ്യുമാറാകണമേ. ഹോശോ...

## (മസ്അക്കോനുസൊ)

പീഡിതനും രോഗാത്തനും സാധുവിനും ധനഹീനന്നും
ഗതിയറ്റോനും വിധവയ്ക്കും തുണയായ് നാഥൻ മേന്മയെഴും
തൻശാന്തിയെയീ ജനതയിലും സഭയിതിലും നിവസിപ്പിക്കാൻ
പ്രാത്ഥനയോധുനാ ഞങ്ങൾ അത്ഥിച്ചീവിധമോ-തുന്നു
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

പൌ-ലോസ് ശ്ലീഹാ-ധന്യയൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചുതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ

വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

വായനക്കാർ: (മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പൌലോസ്്ശ്ലീഹായുടെ ലേഖനം വായിന്നു)

വായനക്കാർ: പൌലോസ്ഗശ്ലീഹാ എഫേസ്്യക്കെഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

എഫേസ്യർ 4: 1-16

ആകയാൽ നമ്മുടെ കർത്താവിൽ ബന്ധിതനായ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കുചിതമായ വിധത്തിൽ, മനോവിനയത്തോടും, സൌമ്യതയോടും, ദീഘക്ഷമയോടും നടക്കണം. സ്നേഹം മൂലം അന്യോന്യം സഹിക്കുന്നവരായിരിക്കണം. സമാധാനബന്ധനത്താൽ ആത്മാവിന്റെ ഐക്യം പാലിക്ടവാൻ താല്പര്യമുള്ളവരുമായിരിക്കണം. നിങ്ങൾ ഏക്രപ്രത്യാശയിൽ വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം, നിങ്ങൾ ഏക ശരീരമായും ഏക ആത്മാവായും ഇരിക്കണം. എന്തെന്നാൽ, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, മാമ്മൂദിസായും ഒന്ന്. എല്ലാവരുടേയും പിതാവും സവ്വത്തിൻ മേലായും സവ്വവും വഴിയായും, നാമെല്ലാവരിലും സ്ഥിതിചെയ്യുന്ന ദൈവം ഒരുവൻ. മ്ശിഹായുടെ ദാനത്തിന്റെ അളവനുസരിച്ച് നമ്മിൽ ഓരോരുവനും കൃപ നൽകപ്പെട്ടിരിക്കുന്നു. ഇതുമൂലമാണ്, "അവൻ ഉയരത്തിലേക്ക് ആരോഹണം ചെയ്തു. അടിമത്വത്തെ അടിമയാക്കി, മനുഷ്യക്കുവരങ്ങൾ കൊടുത്തു?" എന്നു പറയപ്പെട്ടിരിക്കുന്നത്. "അവൻ കരേറി" എന്നു പറഞ്ഞത് എന്തുകൊണ്ട്? താൻ, മുമ്പെ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങുകയും ആ ഇറങ്ങിയവൻ തന്നെ സകലവും പൂത്തീകരിക്കുവാൻ, സവ്്യസ്വഗ്ഗങ്ങൾക്കും മീതെ ആരോഹണം ചെയ്യുകയും ചെയ്തു. അവൻ ചിലക്കു ശ്ലീഹന്മാരായും, ചിലക്കു പ്രവാചകന്മാരായും, ചിൽക്കു ഇടയന്മാരാരും, ചിലക്കു സുവിശേഷം അറിയിക്കുന്നവരും, ചിലക്കു പഠിപ്പിക്കുന്നതിനും വരം നൽകിയിരിക്കുന്നു. ആയത്, നാമെല്ലാവരും വിശ്വാസത്താലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്താലും ആ ഏക മ്ശിഹായുടെ പ്രായപൂണ്ണുതയുടെ അളവനുസരിച്ച് ഏക പൂണ്ണമനുഷ്യൻ ആയിത്തീരുന്നതുവെരെ വിശുദ്ധരുടെ പൂത്തീകരണത്തിനും, ശുശ്രൂഷയുടെ പ്രവത്തനത്തിനും, മ്ശിഹായുടെ ശരീരത്തിന്റെ വളച്ചയ്കകും ആയിട്ടത്രെ. വഴിതെറ്റിക്കുവാൻ വേണ്ടി വഞ്ചനാപുവ്വം ത്രന്തങ്ങൾ പ്രയോഗിക്കുന്ന മനുഷ്യരുടെ വഞ്ചനാപരമായ ഉപദേശങ്ങളുടെ കാറ്റിനാൽ-ശിശുക്കൾ എന്നപോലെ നാം ഇളകുകയോ മാറിപോകുകയോ അരുത്. പ്രത്യുത സവ്വവും നമ്മുടെ ശിരസ്സാകുന്ന മ്ശിഹാമൂലം വളരുവാൻ തക്കവണ്ണം സ്നേഹത്തിൽ സുസ്ഥിതരായിരിക്കണം. ശരീരത്തിന്റെ വളച്ച സ്നേഹത്താൽ പൂണ്ണമാക്കേണ്ടതിന്, എല്ലാ അവയവങ്ങൾക്കും അതാതിന്റെ അളവിൻ പ്രകാരം നൽകപ്പെട്ടിരിക്കുന്ന വരത്തിനനുസരണം, ശരീരം മുഴുവൻ സൃഷ്ടിച്ച സവ്വസന്ധിബന്ധങ്ങളാലും തന്നിൽ ബന്ധിതമായിരിക്കുന്നു. ആഹായ്-ബാറെക്മോർ.

ഹാലേലുയ്യ, ഹാലേലുയ്യ. നീ ഉയരത്തിലേക്കു കരേറി, അടിമത്വത്തെ അടിമയാക്കി മനുഷ്യക്കായി ദാനങ്ങളെ സ്വീകരിച്ചു.

ശെമ്മാശ്ശൂൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ

കത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

പുരോഹിതൻ: (സഭാ വിശ്വാസികളെ അഭിമുഖീകരിച്ചു നിന്നുകൊണ്ട്) നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

പ്രതിവാക്യം: അവിടുത്തെ ആഅത്മാവിനോടുകുടെ-ദൈവമായ കത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാ-കട്ടെ.

പുരോഹിതൻ: ജീവൻ നൽകുന്ന പ്രസംഗമായ നമ്മുടെ കത്താവേ ശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന പ്രസംഗകനായ ലൂക്കോസ് ഏവൻഗേലിസ്ഥായിൽ നിന്ന്

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

പുരോഹിതൻ: വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായി ത്തീന്ന ദൈവവും, ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

## വി. ലൂക്കോസ് 24: 4-s3

അനന്തരം തിരുവെഴുത്തുകൾ അവർ തിരിച്ചറിയുവാൻ തക്കവണ്ണം താൻ അവരുടെ ബോധത്തെ തുറന്നു. താൻ അവരോടു പറഞ്ഞു: “ഇങ്ങനെ മ്ശിഹാ കഷ്ടമനുഭവിക്കേണ്ടതാകുന്നു എന്നും മരിച്ചവരുടെ ഇടയിൽ നിന്ന് മൂന്നാം ദിവസം ഉയിർത്തെഴുന്നേർക്കുകയും, സകലജാതികളോടും,പാപമോചിതനായിഅനുതാപം അവന്റെ നാമത്തിൽ പ്രസംഗിക്കപ്പെടുകയും ചെയ്യുമെന്ന് എഴുതപ്പെട്ടിട്ടുണ്ട്. ആരംഭം നെരുശലേമിൽ നിന്നും ആയിരിക്കട്ടെ. ഇക്കാര്യങ്ങൾക്കെല്ലാം നിങ്ങളാകുന്നു സാക്ഷികൾ. എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അഷച്ചു തരും. ഉയരത്തിൽ നിന്ന് നിങ്ങൾ ശക്തി പ്രാപിക്കുവോളം നിങ്ങൾ യെറുശലേം നഗരത്തിൽ താമസിപ്പിൻ." താൻ അവരെ ബെത്അനിയാവെരെകൊണ്ടുപോയി. താൻ തന്റെ കൈകൾ ഉയത്തി അവരെ അനുഗ്രഹിച്ചു. താൻ അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കവെതാൻ അവരിൽ നിന്ന് വിട്ടു പിരിഞ്ഞ് സ്വനത്തിലേക്ക് ആരോഹണം ചെയ്തു. അവർ തന്നെ വന്ദിക്കയും മഹാവലിയ സന്തോഷത്തോടെ യറുശലേമിലേക്ക് തിരികെ പോകുകയും ചെയ്തു. അവർ ദൈവത്തെ സ്തുതിച്ചും പുകഴ്ത്തിയും കൊണ്ട് എപ്പോഴും ദൈവാലയത്തിൽ ആയിരുന്നു.

പുരോഹിതൻ: (ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞിട്ടു) നിങ്ങൾക്കെല്ലാവക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

## ഹാദ് മാലാഖേ
## കിഴക്കു വശത്തേക്ക്

ദൂതന്മാർ സേ-വിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ
ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ശക്താ ! നീ പരിശുദ്ധൻ

സ്രാപ്പികൾ കാദീ-ശാപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
പാപികളനുതാപത്തോടത്ഥിച്ചോതുന്നു   ഞങ്ങൾക്കായ് സ്വർഗാരൂഢം   ചെയ്യേണം

### പടിഞ്ഞാറു വശത്തേക്ക്

തീമയർ ഹാലൽ-ചൊൽവോനേ!
ഈശാ! നീ പരിശുദ്ധൻ
ആത്മിയർ ശ്ലാഘിപ്പോനേ!
ശക്താ ! നീ പരിശുദ്ധൻ

മണ്മമയരാഘോഷിപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
വിശ്വാസിനിയാം തിരുസഭതൻ സുതരത്ഥിക്കുന്നു ഞങ്ങൾക്കായ് സ്വർഗാരൂഢം
ചെയ്യേണം

### വടക്കു വശത്തേക്ക്

മേലുള്ളോർ മാ-നിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ
മദ്ധ്യമർ കീത്തിക്കുന്നോനേ!
ശക്താ ! നീ പരിശുദ്ധൻ
കീഴുള്ളോർ കൂപ്പുന്നോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
പാപികളനുതാപത്തോടത്ഥിച്ചോതുന്നു   ഞങ്ങൾക്കായ് സ്വഗാരുഢാ കൃചെയ്യേണം

### തെക്കു വശത്തേക്ക്

നാഥാ! കൃപചെയ്തീടേണം
നാഥാ! കൃപചെയ്യുക കനിവാൽ
നാഥാ! കമ്മാത്ഥനകളെ നീ
കൈക്കൊണ്ടും കൃപചെയ്തീടേണം.
ദേവേശാ! തേ സ്തോത്രം
പാപികളാം ദാസരിലലിയും മ്ശിഹാ
രാജാവേ സ്തോത്രം. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ….. ,   കൃപ നിറഞ്ഞ മറിയമേ…..